**കേരള ഗവൺമെന്റ്**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാവക്കാട് നഗരസഭ - 1998-99 വർഷത്തെ ചിലവിനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് - രസീത് ബുക്കുകൾ ഉപയോഗിച്ച് നടത്തിയ സാമ്പത്തിക ക്രമക്കേട് - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.വി. സത്യവാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=========================================================================

**തദ്ദേശ സ്വയംഭരണ (ഇ യൂ) വകുപ്പ്**

സ.ഉ.(സാധാ) നം. 708/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 12.03.2015

=========================================================================

**പരാമർശം :**
1) സ്റ്റേറ്റ് പെൻഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ 01.07.2003-ലെ അന്വേഷണ റിപ്പോർട്ട്.
2) 10.02.2010 തീയതിയിലെ 4340/ഇയു1/10/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ വി.വി. സത്യവാന്റെ 25.10.2011-ലെ പ്രതിവാദ പത്രിക.
4) ശ്രീ വി.വി. സത്യവാൻ ഫയൽ ചെയ്ത OA-1315/2012 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 11.11.2014 തീയതിയിലെ ഉത്തരവ്.
5) നഗരകാര്യ ഡയറക്ടറുടെ 21.01.2015 തീയതിയിലെ വി2-24436/03 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ ശ്രീ. പി.എം. മാത്തുക്കുട്ടിക്ക് സമഗ്ര നെൽക്കൃഷി വികസന പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് നടപടിക്രമം ലംഘിച്ച് മുപ്പത്തിരണ്ടോളം രസീത് ബുക്കുകൾ ഒന്നിച്ചു നൽകിയതായി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ കണ്ടെത്തുകയും, രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങിയിട്ടുണ്ടെന്നും, ഗുണഭോക്തൃ വിഹിതം യഥാസമയം നഗരസഭാ ഫണ്ടിൽ ഒടുക്കുന്നുവെന്നും ഉറപ്പ് വരുത്തുകയുണ്ടായില്ല എന്നും, ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥന് ചട്ടപ്രകാരം ഒരു രസീത് ബുക്ക് മാത്രമേ നൽകുവാൻ പാടുള്ളൂ എന്നിരിക്കെയും ടി ബുക്ക് തിരികെ നൽകിയതിനു ശേഷം മാത്രമേ മറ്റൊന്ന് നൽകുവാൻ പാടുള്ളൂ എന്നുമിരിക്കെയും, ശ്രീ.പി.എം. മാത്തുക്കുട്ടിക്ക് 32 ബുക്കുകൾ ഒരുമിച്ച് നൽകിയതായും രസീതു ബുക്കുകൾ ഉപയോഗിച്ച് ക്രമക്കേടുകൾ നടത്തുന്നതിന് പരോക്ഷമായി സഹായം ചെയ്തുകൊടുത്തതായും കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചയ്ക്ക് ചാവക്കാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.വി.വി. സത്യവാന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.വി.വി. സത്യവാൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. സെക്രട്ടറി എന്ന നിലയിൽ ഗുണഭോക്തൃ വിഹിതം നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തുന്നതിലും രസീതു ബുക്കുകൾ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യണമെന്നതിന് പ്രത്യേക പരിശീലനമൊന്നും ആവശ്യമില്ലാത്തതാണ് എന്നും, സമയാസമയത്ത് ഇക്കാര്യം പരിശോധിക്കേണ്ടുന്നതാണെന്നിരുന്നാലും ശ്രീ.വി.വി. സത്യവാൻ മനഃപ്പൂർവ്വമാണ് ഇത്തരത്തിൽ പ്രവർത്തിച്ചത് എന്ന് വ്യക്തമാകാത്ത സ്ഥിതിയിൽ ടിയാനെതിരെ കടുത്ത നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കില്ല എന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്..

ശ്രീ. വി.വി. സത്യവാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No. 1315/2012 കേസിലെ ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള വിധിന്യായത്തിൽ ടിയാനെതിരായ അച്ചടക്ക നടപടികൾ വിധിന്യായത്തിന്റെ പകർപ്പ് കൈപ്പറ്റി നാല് മാസത്തിനകം തീർപ്പാക്കണമെന്ന് ആയതിന്റെ അടിസ്ഥാനത്തിൽ ഡി.സി.ആർ.ജി. അനുവദിക്കണമെന്നും സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. വി.വി. സത്യവാൻ 31.03.2011-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും 1998-99 വർഷത്തെ രസീത് ബുക്കുകൾ ദുരുപയോഗം ചെയ്ത വകയിൽ സർക്കാരിനുണ്ടായ നഷ്ടം കൃഷി ഫീൽഡ് ഓഫീസറായിരുന്ന ശ്രീ. മാത്യുക്കുട്ടിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞതിനാലും, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം പാലിക്കപ്പെടേണ്ടതുള്ളതിനാലും ഈ വിഷയത്തിൽ ചാവക്കാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.വി. സത്യവാനെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

**ഫിന്നി സക്കറിയ,**
**അഡീഷണൽ സെക്രട്ടറി.**

അക്കൗണ്ട് ജനറൽ (എ&ഇ/ഓഡിറ്റ്), തൃശൂർ ബ്രാഞ്ച്.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചാവക്കാട് നഗരസഭ.
ശ്രീ.വി.വി. സത്യവാൻ, റിട്ട. കോർപ്പറേഷൻ സെക്രട്ടറി,
വേട്ടുംതറ ഹൗസ്, സൈലന്റ്വാലി റോഡ്, മരങ്ങാടം പാദുവാപുരം പി.ഒ.,
എറണാകുളം - 683 582.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**